ഉത്തരം

(എ) ബാലരാമപുരത്തെ സിൽക്ക് വ്യവസായ പുരോഗതി സംബന്ധിച്ച് സർക്കാർതലത്തിൽ പഠനം നടത്തിയിട്ടില്ല

(ബി & സി) ഉണ്ട്. ഈ നിവേദനം സർക്കാരിന്റെ പരിഗണനയിലാണ്.

കേരളത്തിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഏക കൈത്തറി ക്ലസ്റ്റർ ബാലരാമപുരത്താണ് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

കേരളാ ഗാർമെന്റ്സിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

24 [962] ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലുള്ള കേരളാ ഗാർമെന്റ്സ് എന്ന സ്ഥാപനത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ സർക്കാർ വിളിച്ചുചേർത്ത യോഗത്തിന്റെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു ;

(സി) ഇതിൽ ഏതൊക്കെ നടപ്പിലാക്കിയിട്ടുണ്ട് ;

(ഡി) ബാക്കി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 15-11-2005-ന് സർക്കാർ വിളിച്ചുചേർത്ത യോഗത്തിന്റെ തീരുമാനങ്ങൾ താഴെ പറയുന്നവയാണ് :

(i) ഒക്ടോബർ മാസം വരെയുള്ള ശമ്പള കുടിശ്ശിക നിലനിർത്തുകയും നവംബർ മാസം മുതൽ അതാത് മാസത്തെ ശമ്പളം കൃത്യമായി നൽകുകയും ചെയ്യുക.

(ii) വി.ആർ.എസ്. പ്രകാരം 35 പേരെക്കൂടി ഉടനടി വിടുതൽ ചെയ്യുക.

(iii) 16 മാസത്തെ ശമ്പള കുടിശ്ശിക കണക്കാക്കി അത് ഗഡുക്കളായി നൽകുക. കമ്പനി ജോബ് വർക്കുകളിലൂടെ നിലനിർത്താനും പുനരുദ്ധാരണത്തിന് വേണ്ടി അനുവദിച്ച 10.72 ലക്ഷം രൂപ കുടിശ്ശിക തീർക്കുന്നതിനായി ചെലവഴിക്കാൻ സർക്കാരിന്റെ അനുമതി തേടിക്കൊണ്ട് സർക്കാരിന് പ്രൊപ്പോസൽ സമർപ്പിക്കുക, ബാക്കി ശമ്പള കുടിശ്ശികയായ 15 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന് അയയ്ക്കുക.

(സി & ഡി) എല്ലാ തീരുമാനങ്ങളും എത്രയും വേഗം നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly